ലേഖനം നമ്പർ 27

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**ധൂപപ്രാർത്ഥന :**

ശരീരരക്തങ്ങളുടെ ആഘോഷം പൂർത്തിയാക്കി കാസായും പീലാസായും കബിലാന കൊണ്ട് മൂടുന്നു. പീലാസയിലും കാസായിലുമുണ്ടായിരുന്ന അപ്പവും വീഞ്ഞും കർത്താവിന്റെ വിശുദ്ധ ശരീര രക്തങ്ങളായി മാറിയിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസം മൂലമാണ്. വിശ്വാസികളിലും വന്നു വസിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി ഒട്ടും ചോർന്നു പോകാതെ പരിപാലിക്കേണ്ടതിന്റെ പ്രതീകമായിട്ടാണ് വിശുദ്ധ ശരീര രക്തങ്ങൾ കബിലാനാ കൊണ്ട് മൂടുന്നത്. പദവിയുടെ താഴെ ഇറങ്ങി നിന്നുകൊണ്ട് വിശുദ്ധബലി മുമ്പാകെ അർപ്പിക്കുന്ന ധൂപപ്രാർത്ഥന എല്ലാവരുടേയും ആത്മാക്കളുമായി നാം ഒരുമിച്ചു ചേർന്നുള്ള മഹത്വവും ദിവ്യവുമായ കൂട്ടായ്മയെയാണ് കാണിക്കുന്നത്. ഈ സമയത്ത് 1) ദൈവ മാതാവിനെയും, 2) പരിശുദ്ധന്മാരേയും, 3) പട്ടക്കാരേയും, 4) പരേതരേയും ഓർമ്മിക്കുകയും, മഹത്വപ്പെടുത്തുകയും വിശ്വാസികളുടെ സമൂഹവുമായി ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമുക്ക് ചുറ്റുമുള്ള സാക്ഷികളുടെ സമൂഹത്തെ കണ്ടുകൊണ്ട് ആത്മധൈര്യത്തോടെ ദൈവത്തോട് നമുക്ക് അപേക്ഷിക്കാം.

ഇത് ധൂപം അർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയായതുകൊണ്ടാണ് "ധൂപപ്രാർത്ഥന" എന്ന പേരിലറിയപ്പെടുന്നത്. ധൂപാർപ്പണം ആരംഭിച്ചത് ദൈവകൽപ്പന പ്രകാരമാണെന്നു കാണാം. ആദ്യമായി പഴയനിയമതുടക്കത്തിൽ യഹോവ മോശയോട് കൽപ്പിച്ചത് "ധൂപം കാട്ടുവാൻ ഒരു ധൂപപീഠവും ഉണ്ടാക്കേണം. ഖദിരമരംകൊണ്ട് അതുണ്ടാക്കേണം" എന്നാണ് (പുറ. 30 : 11). വിശുദ്ധ മന്ദിരം പണിയാൻ മോശയ്ക്കു ദൈവം കൊടുക്കുന്ന നിർദ്ദേശങ്ങളിൽ പെടുന്നതാണിത്. അഹ്റോൻ അതിൽ സുഗന്ധധൂപം കാട്ടേണമെന്നും, തലമുറ തലമുറയായി അതു പിൻതുടരേണമെന്നും (പുറ. 30 : 7, 8) യഹോവ തന്നെ കൽപ്പിക്കുന്നുണ്ട്. പുതിയ നിയമത്തിൽ വെളിപാടു പുസ്തകത്തിൽ ധൂപാർപ്പണത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു. "മറ്റൊരു ദൂതൻ സ്വർണ്ണ ധൂപകലശവുമായി വന്ന് യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണ പീഠത്തിന്മേൽ സകല വിശുദ്ധന്മാരുടേയും പ്രാർത്ഥനയോട് ചേർക്കേണ്ടതിന് വളരെ ധൂപവർഗ്ഗം കൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കൈയ്യിൽ നിന്ന് ദൈവസന്നിധിയിലേക്കു കയറി എന്നും കാണുന്നു". (വെളി. 8 : 3, 4).

ധൂപാർപ്പണത്തിന് ഓർത്തഡോക്സ് സഭകളിൽ ധൂപക്കുറ്റിയും കുന്തിരിക്കവും ഉപയോഗിക്കുന്നു. സഭ ദൈവത്തിന് ധൂപം അർപ്പിക്കുമ്പോൾ വിശ്വാസികളുടെ മനസ്സിൽ ദൈവസാന്നിദ്ധ്യബോധം ഉണ്ടാകുന്നു. സഭയ്ക്കുള്ള ഒരു ശുദ്ധീകരണ പ്രക്രിയ കൂടിയാണിത്. ധൂപാർപ്പണ സമയത്ത് മുകളിലേക്കുയരുന്ന ധൂപം വിശ്വാസികളുടെ പ്രാർത്ഥനയുടെയും അപേക്ഷകളുടെയും പ്രതീകവുമാണ്. "ദൈവമെ എന്റെ പ്രാർത്ഥന പരിമളധൂപം പോലെ നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകട്ടെ" എന്നുള്ള ദാവീദിന്റെ പ്രാർത്ഥന ഈ അവസ്ഥയെ ഓർത്തിട്ടാണ്. ഓർത്തഡോക്സ് ആരാധനയിൽ ധൂപക്കുറ്റി സഭയുടെ പ്രതീകവുമാണ്. സഭയിലെ പാപികളായ (ധൂപക്കുറ്റിയിലെ കരി) മനുഷ്യരിൽ പരിശുദ്ധാത്മാവിന്റെ (അഗ്നി) പ്രവർത്തനം മൂലം വിശുദ്ധീകരണം (അഗ്നിജ്വാല മൂലം) പ്രാപിച്ച് അവരിൽ നിന്നുയരുന്ന പ്രാർത്ഥനകളും സ്തുതികളും (ധൂപവും സുഗന്ധവും) ദൈവസന്നിധിയിൽ (ഉയരങ്ങളിൽ) പ്രവേശിച്ച് ദൈവപ്രസാദമുണ്ടാകുന്നു എന്നും സഭ വിശ്വസിക്കുന്നു.

ധൂപപ്രാർത്ഥനയിലുപയോഗിക്കുന്ന ഗാനരൂപത്തിലുള്ള ശുശ്രൂഷാക്രമമാണ് കുക്കിലിയോൻ. കുക്കിലിയോൻ എന്ന സുറിയാനി പദത്തിനർത്ഥം പ്രാർത്ഥനാചക്രം (Cycle of Prayers) എന്നാണ്. ഉദാഹരണമായി "ദൈവമാതാവിന്റെ കുക്കിലിയോൻ" എന്നു പറഞ്ഞാൻ ദൈവമാതാവിനെക്കുറിച്ചുള്ള ഗാനങ്ങൾ പല ഭാഗങ്ങളായി പാടിയും ധൂപംവെച്ചും ഒരു പ്രാർത്ഥനാന്തരീഷം സൃഷ്ടിക്കലാണ്. കുക്കിലിയോന് പ്രധാനമായി നാലു ഭാഗങ്ങളുണ്ട്.

1. പെത്ഗോമാ : ഇതിലെ പാട്ടിന്റെ അടിസ്ഥാനം നാം ഓർത്തു പ്രാർത്ഥിക്കുന്ന വ്യക്തിയെ പുകഴ്ത്തുന്ന സങ്കീർത്തനത്തിലെ ഭാഗം ആയിരിക്കും.

2. എക്ബോ : ചരണം - പാടി : ഒരു കോലോ ആരംഭിക്കുന്നതിനു മുമ്പ് എന്തിനെക്കുറിച്ചു പാടുന്നുവോ, ആ ആശയത്തെ എടുത്തു കാണിക്കുന്നതാണ് എക്ബോ. ഒരു കോലോയ്ക്കു മുമ്പ് ഒരു എക്ബോ ഉണ്ടായിരിക്കും.

3. കോലോ - ട്യൂൺ (Sound)/ ഗീതം : സുറിയാനി സംഗീതത്തിൽ കോലോ എന്നതിന് ട്യൂൺ / ഈണം എന്നാണർത്ഥം. അതായത് ഓരോ ലയത്തിലുള്ള രണ്ടുപാട്ടുകൾക്കിടയ്ക്ക് ആവർത്തനമില്ലാതെ ചേർത്തുവന്നിരിക്കുന്ന പദ്യഭാഗമാണ് കോലോകൾ. അവയ്ക്ക് ഇടയ്ക്കും ത്രിത്വസ്തുതി ഉണ്ടായിരിക്കും. എന്നാൽ "മെനഓലം" എന്ന പ്രതിവാക്യം ഇല്ല.

4. ബോവൂസ്സോ - Request - അപേക്ഷ : ആരുടെ നാമത്തിൽ ധൂപപ്രാർത്ഥന നടത്തുന്നുവോ, അവരോടുള്ള നമ്മുടെ അപേക്ഷാ ഗീതമാണ് ബോവൂസ്സോ.

*(തുടരും...)* ■

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | August 09 - 10.00 am, August 16 - 7.00 am, August 23 - 10.00 am, August 30 - 7.00 am, September 06 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | August 09 - 7.30 am, August 23 - 7.30 am September 06 - 7.30 am |
| | എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am |

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ഓഗസ്റ്റ് | 06 വ്യാഴം | മറുരൂപപെരുന്നാൾ. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ (പെരുനാട് ബഥനി) |
| | 15 ശനി | പതിനഞ്ചുനോമ്പു വീടൽ, വി.ദൈവ മാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ |
| | 19 ബുധൻ | ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ |
| സെപ്റ്റംബർ | 01 ചൊവ്വ | എട്ടുനോമ്പാരംഭം |




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 08 AUGUST 2015

Never forget the heros who sacrificed their lives to bring up this glorious day to India.



Have a great Independence Day

## എഡിറ്റോറിയൽ

### സ്നേഹനിധി

"ഇങ്ങിനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു" (യാക്കോ 2: 26).

16-ൽപ്പരം വർഷങ്ങൾ ഈ ഇടവകയുടെ അസി. വികാരി, വികാരി എന്നീ നിലകളിൽ വൈദീക ശുശ്രൂഷ നിർവഹിച്ച ബഹുമാന്യ വ്യക്തിയാണ് അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനി (ജോസഫച്ചൻ). മെത്രാപ്പോലീത്തയായി കണ്ടനാട് ഭദ്രാസനത്തെ നയിക്കുകയും സഭ ഏൽപ്പിച്ച വിവിധ ചുമതലകൾ നിറവേറ്റി അദ്ദേഹം സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയാവുകയും ചെയ്തു.

അഭിവന്ദ്യ തിരുമേനിയുടെ നാമം എന്നും ഓർമ്മിക്കപ്പെടണമെന്നുള്ള ഇടവകാംഗങ്ങളുടെ തീരുമാനം വളരെ അർത്ഥവത്താണ്. പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ എങ്ങിനെ നിലനിർത്തണമെന്ന് വളരെ ആലോചിക്കേണ്ടിവന്നില്ല. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരോട് എന്നും അനുഭാവം കാട്ടിയിരുന്ന തിരുമേനിയെ ഓർക്കാൻ അവരുടെ നന്മയ്ക്കായി എന്തെങ്കിലും ചെയ്യണമെന്ന തീരുമാനം പെട്ടെന്നാണ് നാം കൈക്കൊണ്ടത്. ആ തീരുമാനമായിരുന്നു "സ്നേഹനിധി"യുടെ തുടക്കമിട്ടത്. കൊച്ചി, കണ്ടനാട് ഈസ്റ്റ് & വെസ്റ്റ്, അങ്കമാലി എന്നീ ഭദ്രാസനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകുവാൻ സ്നേഹനിധിയിലൂടെ സാധിക്കുന്നു. "സ്നേഹനിധി" പല കുടുംബങ്ങളും ആശ്വാസമായി നോക്കിയിരിക്കുന്ന ഒരു പ്രസ്ഥാനമായി വളർന്നെന്ന് നമുക്ക് അഭിമാനിക്കാം. തന്നെയുമല്ല ഇവരെല്ലാം തിരുമേനിയെ ഓർക്കുവാനും, തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഇടയാകുന്നുമുണ്ട്.

സ്നേഹവും, കരുതലുമാണ് "സ്നേഹനിധി"യുടെ മുദ്രാവാക്യം. വെള്ളക്കാരുടെ സ്വേഛാധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച ദക്ഷിണാഫ്രിക്കയിലെ ആദ്യത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് നെൽസൺ മണ്ടേല ആയിരുന്നല്ലൊ. പലപ്പോഴും പുതിയ ഭരണസംവിധാനം വരുമ്പോൾ ആദ്യം ചെയ്യുന്നത് ഉന്നത ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുകയാണല്ലോ. മണ്ടേല ചുമതലയേറ്റ് കുറച്ചുനാൾക്കകം ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കപ്പെട്ടു. അവർ മണ്ടേലയോടിങ്ങിനെ ചോദിച്ചു. "അങ്ങെപ്പോഴാണ് ഞങ്ങളെ പിരിച്ചുവിടുന്നത്?" അദ്ദേഹം അതിന് മറുപടി പറഞ്ഞതിങ്ങിനെയാണ്, "നിങ്ങൾ വെള്ളക്കാരാണെന്നത് ശരിയാണ്. നിങ്ങൾ എന്റെ ഓഫീസ്

*(ശേഷം 2-ാം പേജിൽ)*

## ഇടയ ലേഖനം

### തിരക്കും ശാന്തതയും

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



നഗരവീഥികളിലെ യാത്ര ദിനംതോറും ദുരിതപൂരിതമാകുകയാണ്. നാനാവിധ വാഹനങ്ങൾ; കാൽനടക്കാർ ഏറെ. ഗതാഗതം ക്രമാതീതമായി വർദ്ധിക്കുന്നു. നിരത്തുകൾ പഴയപടി; അവ മാത്രം വളരുന്നില്ല. കുഴികൾ കൂടുന്നുമുണ്ട്. റോഡുപണിയിലെ അശാസ്ത്രീയതയെയും അനവധാനതയെയുംപറ്റി പരാതി പറഞ്ഞവരും കവിതയെഴുതിയവരും തളർന്നെന്നു പറഞ്ഞാൽ മതിയല്ലോ.

അത് നിരത്തുകളുടെ കഥ. വെള്ള കീറുന്നതുമുതൽ പലപല ലക്ഷ്യങ്ങളിലേക്കു പായുന്നവർ. ഓരോരുവനും ഓരോ ഉദ്ദേശ്യമുണ്ടാവും. കണ്ടുനിൽക്കുന്നവർക്ക് "ഈ പുരുഷാരമെല്ലാം എങ്ങോട്ടാണീ പോകുന്നത്". എന്നു തോന്നിപ്പോകും. എല്ലാ നിരത്തുകളിലും തിരക്ക്, എല്ലാ മനുഷ്യർക്കും തിരക്കോടു തിരക്ക്! തിരക്കുണ്ടായിരിക്കുന്നതു നല്ലതാണെന്നു പറയുന്നവരുണ്ട്; അപ്പോൾ മടിയും അലസതയും ഉണ്ടാവില്ലല്ലോ. അതു അധികമായാൽ! തിരക്ക് ഇഷ്ടപ്പെടുന്ന മനുഷ്യരുണ്ട്. യാതൊരു തിരക്കുമില്ലെങ്കിലും തിരക്കാണെന്നു ഭാവിക്കുന്നവരുമുണ്ട്.

ലേശം അർത്ഥവ്യത്യാസത്തിൽ "തിരക്കിപ്പോകുന്ന"താണ് 'തിരക്ക്'. അത്തരത്തിൽ ജീവിതയാത്രയിൽ സ്ഥായിയായ എന്തെങ്കിലും തേടിക്കൊണ്ടിരിക്കുന്നവർ അധികമുണ്ടാവില്ല. എങ്കിലും അങ്ങനെയൊരു ഉന്നവും അത് തിരക്കിപ്പോകുന്ന ശീലവും ഭൗതീകവും ആത്മീകവുമായ ആരോഗ്യത്തിന് അനിവാര്യമാണ്. അങ്ങനെയൊരു അന്വേഷണമില്ലാതെ "സാമാന്യമായി" ജീവിച്ചുപോകുന്നവരാണ് ഏറിയ പങ്കും. ഉദിക്കുന്നു; അസ്തമിക്കുന്നു; ഭക്ഷണം കഴിയ്ക്കുന്നു; ഉറങ്ങുന്നു; ധനമുണ്ടാക്കുന്നു; കൂട്ടുകൂടുന്നു - ഇവയിൽ വലിയ പ്രാധാന്യമൊന്നും അധിക മനുഷ്യരും കണ്ടെന്നു വരികില്ല. എങ്കിലും ജീവിതത്തിന്റെ ഏതെങ്കിലുമൊരു നിമിഷത്തിൽ ഈ യാത്രയുടെ ലക്ഷ്യത്തെപ്പറ്റി മിന്നൽ പിണർപോലെ ഒരു "ബോധോദയം" ഉണ്ടാകും. പൗരസ്ത്യ ആത്മീക ദർശകർ ജീവിതത്തെ Journey into God എന്നു വിളിക്കുന്നതു വെറുതെയല്ല. അത് ലക്ഷ്യബോധത്തോടു കൂടിയ നിരന്തരമായ അന്വേഷണമാണ്. ഇന്ദിരാഗാന്ധി വെടിയേറ്റു മരിച്ചതിന്റെ തൊട്ടടുത്ത ദിവസം ഒരു പത്രത്തിൽ അവരുടെ ചിത്രത്തോടുകൂടിയ കുറിപ്പ് ഇങ്ങനെ ആരംഭിച്ചിരുന്നു. "ഇനി എനിക്കു തിരക്കില്ല; ധൃതിയില്ല..". അപ്പോൾ, അഗാധമായ ഒരു നിശബ്ദതയും ശാന്തതയും നേടാൻ മരണംവരെ കാത്തിരിക്കണമോ എന്നു ചിന്തിക്കുന്നത് ഏറെ പ്രസ്കതമാണ്.

ഓർത്തഡോക്സ് ആത്മീകതയുടെ ഉൾക്കാമ്പ് Hesychasm

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# രൂപാന്തരവും വാങ്ങിപ്പും

**ഫാ. അലക്സ് പി. ജോർജ്ജ്**

ഓഗസ്റ്റ് മാസത്തിൽ രണ്ട് പ്രധാന പെരുന്നാളുകൾ സഭാ ആചരിക്കുകയാണ്. ഓഗസ്റ്റ് 6 മറുരൂപ പെരുന്നാളും, 15 ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും. ഈ ദിവസങ്ങളുടെ പ്രാധാന്യത്തെ സംബന്ധിച്ച് ഏതാനും വരികൾ കുറിയ്ക്കട്ടെ.

**മറുരൂപ പെരുന്നാൾ**

മറുരൂപ പെരുമലയിൽ നടന്ന സംഭവങ്ങൾ നാം വീണ്ടും അനുഭവിക്കുന്ന ദിവസമാണ് ഓഗസ്റ്റ് 6. മലമുകളിൽ കർത്താവ് രൂപാന്തരപ്പെടുന്നു. മോശയും, ഏലിയാവും പ്രത്യക്ഷപ്പെടുന്നു. ശിഷ്യന്മാർ ഭയവും, അത്ഭുതവും പൂകുന്നു. ആകെ വിശുദ്ധിയുടെ വൻപ്രവാഹം. ഇതെല്ലാം കണ്ടശേഷം പത്രോസ് പറഞ്ഞു. 'കർത്താവെ നമുക്ക് കുടിലുകൾ കെട്ടി ഇവിടെ പാർക്കാം'. തമ്പുരാൻ പറഞ്ഞു "നമുക്ക് മലയിറങ്ങാം....."

വി. വേദപുസ്തകത്തിൽ മലമുകൾ ദൈവസാന്നിദ്ധ്യത്തിന്റെ, വിശുദ്ധിയുടെ പ്രതീകമാണ്. ഇതിനൊരു ആത്മീയ അർത്ഥമുണ്ട്. ലോകബന്ധത്തിൽ നിന്ന് അകന്നു മാറുവാൻ വിശുദ്ധിയിലേക്ക് അടുക്കുകയാണ്. പക്ഷെ, വിശുദ്ധിയുടെ അനുഭവത്തിൽ സ്ഥിരതാമസം അനുവദനീയമല്ല. താഴേക്ക് ഇറങ്ങണം. വിശുദ്ധി ആരുടേയും കുത്തകയല്ല. ദൈവം ആഗ്രഹിക്കുന്നതും, ഏതാനും വ്യക്തികളുടെ വിശുദ്ധീകരണമല്ല, പ്രപഞ്ചം മുഴുവന്റേതുമാണ്. നമ്മുടെ ദൗത്യം ക്രിസ്തു മറുരൂപ മലയിൽ വ്യക്തമാക്കുന്നുണ്ട്. ശിഷ്യന്മാരോടു പറയുന്നു, വരുവിൻ നമുക്ക് താഴേക്ക് പോകാം. താഴേക്ക് പോകാം എന്നു പറയുന്നത് പ്രയാസകരമാണ്. വീണ്ടും ലോകത്തിലേക്കാണ് പോകുന്നത്, കളങ്കം പറ്റരുത്, ലഭിച്ച വിശുദ്ധി നഷ്ട്ടപ്പെടരുത്, എല്ലാവർക്കും നൽകണം, ഈ നാലു കാര്യങ്ങൾ താഴേക്ക് പോകാം എന്ന ചെറിയ വാചകത്തിൽ ഉണ്ട്.

**ദൈവമാതാവിന്റെ രണ്ടു ചിത്രങ്ങൾ**

നമ്മുടെ പള്ളിയിൽ ദൈവമാതാവിന്റെ രണ്ടു ചിത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആദ്യത്തേത് വി. മദ്ബഹായുടെ ആർച്ചിൽ സ്ഥാപിച്ചിട്ടുള്ളതാണ്. കർത്താവിനെ മടിയിലിരുത്തി, പുഞ്ചിരിക്കുന്ന മുഖമുള്ള സുന്ദരിയായ ഒരമ്മ. ഈ ചിത്രത്തിൽ കന്യകമറിയാമ്മിന്റെ മുഖത്ത് മാതൃവാത്സല്യം, കരുണ എന്നിവയെല്ലാം പ്രകടമാണ്. സകലമനുഷ്യരെയും സ്നേഹിക്കുന്ന മാതൃഭാവമാണ് ഈ ചിത്രത്തിന്റെ പ്രത്യേകത. മക്കളുടെ താഴ്ചകളിലും, വീഴ്ചകളിലും നിരന്തരം പ്രാർത്ഥിക്കുന്ന ഒരമ്മ ദൈവസന്നിധിയിലുണ്ട് എന്ന ഉറപ്പ് ഈ ചിത്രം പകർന്നു തരുന്നു. ഇടമുറിയാതെ പ്രാർത്ഥിക്കുന്ന അമ്മ നമ്മുടെ ധൈര്യമാണ്.



രണ്ടാമത്തെ ചിത്രം വി. ത്രോണോസിൽ വെച്ചിരിക്കുന്ന ഐക്കൺ (icon) ആണ്. വിശ്വാസികൾ ഈ ചിത്രം ശ്രദ്ധിച്ചിരിക്കുവാൻ സാധ്യതയില്ല. മലങ്കര സഭയിൽ ഐക്കണുകൾ പ്രചാരത്തിലായി വരുന്നതേയുള്ളു. കിഴക്കൻ ഓർത്തഡോക്സ് സഭകളാണ് (ബൈസന്റിയൻ സഭകൾ) ഐക്കണുകൾക്ക് പ്രാധാന്യം നൽകുന്നത്. വി. ത്രോണോസിൽ വച്ചിരിക്കുന്ന ഈ ഐക്കൺ ശ്രദ്ധേയമാണ്. ദൈവമാതാവിൻെറ മറ്റു ചിത്രങ്ങളിൽ പ്രകടമാകാത്ത ചില ഭാവങ്ങൾ ഈ ഐക്കണിൽ തെളിഞ്ഞു കാണുന്നു. അല്പം ഇരുണ്ട മുഖഭാവത്തോടെ രൂക്ഷമായി നമ്മെ നോക്കുന്ന പ്രതീതി ഈ ചിത്രം ഉളവാക്കുന്നു. ഇത് ദൈവമാതാവിന്റെ മറ്റൊരു പ്രത്യേകതയാണ്. നമ്മുടെ ജീവിതത്തെ വിമർശന വിധേയമാക്കി ചോദ്യം ചെയ്യുന്ന ദൈവമാതാവ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കന്യകമറിയം നമ്മെ വെല്ലുവിളിക്കുകയാണ്, തിന്മകളെ നീക്കി നന്മയുള്ള ജീവിതം നയിക്കുവാൻ.

വിശുദ്ധരെല്ലാം അങ്ങിനെയാണ്, ഒരേസമയം നമ്മെ പ്രോത്സാഹിപ്പിക്കും, കരുതും, നമ്മുക്കുവേണ്ടി പ്രാർത്ഥിക്കും. അതുപോലെതന്നെ വിമർശിക്കുകയും, തിരുത്തുകയും വെല്ലുവിളിക്കുകയും ചെയ്യും.

എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ. ■

*(എഡിറ്റോറിയൽ തുടർച്ച)*

കാര്യങ്ങൾ നന്നായി ചെയ്യുന്നുണ്ടെന്നെനിക്കറിയാം. അതുകൊണ്ട് നിങ്ങളെ മാറ്റേണ്ട കാര്യമില്ല." ഈ ചിന്ത സ്നേഹത്തിൽ നിന്നുളവായതാണ്. യേശുക്രിസ്തു നമ്മോട് പിൻതുടരുവാനാവശ്യപ്പെടുന്നതും ഇങ്ങിനെയുള്ള സ്നേഹമാണ്.

ഈ സ്നേഹമാണ് പുണ്യപ്രവർത്തികൾ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. അർഹരായ പല കുട്ടികൾക്കുമുള്ള ഈ സഹായം അതു നൽകുന്നവരെ ധന്യരാക്കും. ദൈവം തന്ന നമ്മുടെ സമ്പത്തിന്റെ ഒരംശം അർഹതയുള്ളവർക്കു കൂടി പങ്കുവയ്ക്കുമ്പോഴാണല്ലോ നാം സന്തോഷിക്കേണ്ടത്. നമുക്ക് മറ്റുള്ളവരെ സഹായിക്കുവാൻ ദൈവം ഒരുക്കുന്ന ഒരവസരം കൂടിയാണ് കത്തീഡ്രലിന്റെ "സ്നേഹനിധി" എന്നു കരുതണം. നിങ്ങൾ സംഭാവന ചെയ്യുന്ന മുഴുവൻ തുകയും, അത് എത്ര ചെറുതായാലും, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുഞ്ഞുങ്ങളുടെ പഠനത്തിനായി മാത്രം ഉപയോഗിക്കപ്പെടുമെന്നുറപ്പുണ്ട്. ഒരു നല്ല മാർഗ്ഗമായി ചിന്തിച്ച് എല്ലാവരും അവരവരാൽ കഴിയുന്ന വിധത്തിൽ ഈ പ്രസ്ഥാനത്തിൽ പങ്കുചേരണം. "സ്നേഹനിധി" മലങ്കരസഭയിലെ ഒരു പ്രധാന സഹായ പദ്ധതിയായി രൂപപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

***തിരുമേനിയുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.*** ■

*(ഇടയലേഖനം തുടർച്ച)*

എന്ന ശാന്തതയിൽ ആരംഭിക്കുന്നു. ചുറ്റും കൊടുങ്കാറ്റ് ആർത്തലച്ചാലും ഹൃദയത്തിൽ ശാന്തതയും നിശബ്ദതയും മാത്രം. അതിൽനിന്നും മറ്റു ചിന്തകൾ അപ്രത്യക്ഷമാകുന്നു. ആ ശാന്തതയെന്ന സുഷുബ്ധിയിൽ മറഞ്ഞിരുന്ന പല മർമ്മങ്ങളും വെളിവായി വരുന്നു. അപ്പോൾ ഹൃദയത്തിൽ യേശു പ്രാർത്ഥന (Jesus Prayer) മാത്രം: Lord Jesus Christ, Son of God, have mercy on me a sinner.

മനസ്സിന്റെ താളംതെറ്റലുകൾക്കും, ചില ശാരീരിക രോഗങ്ങൾക്കും നിമിത്തമാകുന്നത് "തിരക്കു നിറഞ്ഞ" അസ്വസ്ഥമായ മനസ്സാണ്. മനസ്സിൽ Hesychasm എന്ന നിശബ്ദത വേരോടിയാൽ, പിന്നെ തിരക്കുകളെയും സംയമനത്തോടെ കൈകാര്യം ചെയ്യാനാവും. തിരക്കെന്ന "ബഹളം" മനസ്സിലേറ്റുന്നതുകൊണ്ട്, ചെയ്യുന്ന പ്രവർത്തികളുടെ quality കുറയുകയല്ലാതെ, വർദ്ധിക്കുകയില്ല. ആത്മസംയമനത്തിന്റെ വഴിയും ഇതുതന്നെ. രാവിലെയും വൈകിട്ടും ഏകാന്ത പ്രാർത്ഥനയ്ക്കു പോകുന്ന യേശു തമ്പുരാൻ ഈ മാതൃകയാണ് കാട്ടിത്തന്നിരിക്കുന്നത്. യാതൊരു ഭൗതിക സാഹചര്യങ്ങൾകൊണ്ടും "മഥി"ക്കാനാവത്തതായിരുന്നു ആ മനസ്സ്. അതു നമ്മെ നയിക്കട്ടെ. ■





## കുടുംബ വിശേഷങ്ങൾ

### വിവാഹം



തേവര മട്ടമ്മൽ കപ്പിത്താൻ അപ്പാർട്ട്മെന്റിൽ കമ്മഡോർ ബിജി ചെറിയാന്റെയും, മറിയം ചെറിയാന്റെയും മകൻ **റൂബൻ ചെറിയാനും**, ചാണ്ടിഗഡ് കീർത്തി ഹൗസിൽ ശ്രീ. ജി. ബാലസുബ്രഹ്മണിയന്റെയും ശ്രീമതി യാമിനി ബാലസുബ്രഹ്മണിയന്റെയും മകൾ **ഹന്ന**യും തമ്മിലുള്ള വിവാഹം 06-07-2015-ൽ കത്തീഡ്രലിൽ നടന്നു.



കടവന്ത്ര മണ്ണഞ്ചേരിയിൽ ഡോ. എം.എ. മാത്യുവിന്റെയും ഡോ. ലത മാത്യുവിന്റെയും മകൾ **കൃപ മരിയ മാത്യു**വും മെഴുവേലി ചന്ദ്രപ്പ്ര ജയ്കൊ വില്ലയിൽ ശ്രീ. തോമസ് ജേക്കബിന്റെയും ശ്രീമതി സുമ ആൻ ജേക്കബിന്റെയും മകൻ **നീൽ തോമസ് ജേക്കബും** തമ്മിലുള്ള വിവാഹം 13-07-2015-ൽ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം ചെലവന്നൂർ റോഡ് കുറിച്ചിയേത്ത് അച്ചനേരിൽ ശ്രീ വറുഗീസ് ചാക്കോയുടെയും ശ്രീമതി ബീന വറുഗീസ് ചാക്കോയുടേയും മകൻ **അരുൺ വറുഗീസ് ചാക്കോ**യും, അല്ലപ്ര വെങ്ങോല മുതിരക്കാലായിൽ ശ്രീ യൽദോ എം. ജോസഫിന്റെയും ശ്രീമതി ജുനോ യൽദോയുടെയും മകൾ **ജീവ യൽദോ**യും തമ്മിലുള്ള വിവാഹം 05-07-2015-ൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിൻ തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### മാമോദീസ

തേവര പുത്തൻപുരയ്ക്കൽ ശ്രീ. വർഗീസ് കുര്യന്റെയും ശ്രീമതി ആൻ ട്രീസ കുര്യന്റെയും മകൻ **കുര്യാക്കോസ്** (കുര്യൻ) 19-07-2015 മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

### ഫാമിലി അസോസിയേഷൻ



സെന്റ് മേരീസ് കത്തീഡ്രൽ ഫാമിലി അസോസിയേഷന്റെ വാർഷിക പൊതുയോഗം ജൂലൈ 19 -ാം തീയതി ഞായറാഴ്ച 4 മണിക്ക് വികാരി വർഗീസച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. ബാബു മാത്യു, ഡാനിയേൽ ഉമ്മൻ, സണ്ണി ജോൺ, ചാർലി സൈമൺ എന്നിവർ പ്രസംഗിച്ചു.

### അനുമോദനയോഗം



ജൂലൈ 19 -ാം തീയതി രണ്ടാം കുർബാനയ്ക്കു ശേഷം കേരള സ്റ്റേറ്റ് ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസനെയും, കൊച്ചിൻ യൂണിവേഴ്സ്റ്റി സെനറ്റിലേക്ക് നോമിനേറ്റു ചെയ്യപ്പെട്ട ശ്രീ. ജോർജ് പോളിനെയും അനുമോദിച്ചു. ബഹു. വർഗീസച്ചന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച യോഗം ഡാനിയേൽ ഉമ്മന്റെ നന്ദി പ്രകാശനത്തോടെ അവസാനിച്ചു.

### നിര്യാതരായി

തൃപ്പൂണിത്തുറ മങ്ങാരത്ത് ശ്രീമതി **ശോശാമ്മ** (86) 03-07-2015 - ൽ നിര്യാതയായി. എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



എറണാകുളം എസ്.ആർ.എം. റോഡ് നാഷണൽ ഹെറിറ്റേജ് കല്ലത്ത് ദീപം പരേതനായ ശ്രീ. തോമസ് ജോണിന്റെ ഭാര്യ ശ്രീമതി **സൂസൻ ജോൺ** (65 വയസ്സ്) 17-07-2015 - ൽ നിര്യാതയായി. 19-07-2015 - ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അഭിവന്ദ്യ യൂഹാനോൻ മാർ പോളി കാർപ്പോസ് തിരുമേനിയുടെ നേതൃത്വത്തിൽ ശവസംസ്ക്കാരം നടത്തി.

*ആദരാഞ്ജലികൾ*

### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 02-08-2015 - 4 pm**
ശ്രീ. **എം.വി. പൗലോസ്,**
കുര്യൻപറമ്പിൽ,
പുത്തൻപുര റോഡ്,
എളമക്കര. Ph: 2408481
Mob: 9447053608

**St. Thomas Unit (North-Pachalam Area) 09-08-2015 - 4 pm**
ശ്രീ. **ജോസഫ് പി. കുര്യൻ,** പള്ളിവാതുക്കൽ,
ബാനർജി റോഡ്,
എറണാകുളം, Ph: 2367831
Mob: 9846057831

**St. Marys Unit (Central Area) 16-08-2015 - 4 pm**
ശ്രീ. **പി.ടി. ജോർജ്ജ്,**
പൊറത്തോർ ഹൗസ്,
മാർക്കറ്റ് റോഡ്,
കോമ്പാറ. Ph: 2390473
Mob: 9388890473

**St. Gregorios Unit (Elamkulam-Kadavanthra Area) 23-08-2015 - 4 pm**
ശ്രീമതി **പൊന്നമ്മ തോമസ്,** മാമ്പിള്ളിൽ.
ബിജു വില്ല, പാടം
ബസ്സ്റ്റോപ്പ്, കെ.പി.
വള്ളോൻ റോഡ്, കടവന്ത്ര
Ph: 2318305, Mob: 9895896532

**31-08-2015 - ൽ സംയുക്ത പ്രാർത്ഥനായോഗം കത്തീഡ്രലിൽ വച്ച് വൈകിട്ട് 4 മണിക്ക്**